# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1816 31.01.2018-ൽ മറുപടിക്ക്

## ഓഖി ചുഴലിക്കാറ്റിൽ പത്മനാഭപുരം കൊട്ടാരത്തിന് നാശനഷ്ടം

**ചോദ്യം**

ശ്രീ. പി.കെ.അബ്ദുറബ്ബ്
ശ്രീ.കെ.എം.ഷാജി
ശ്രീ.ടി.വി.ഇബ്രാഹിം
ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്

**ഉത്തരം**

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
ബഹു.തുറമുഖവും മ്യൂസിയവും
പുരാവസ്തു പുരാരേഖയും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | ഓഖി ചുഴലിക്കാറ്റിൽ പത്മനാഭപുരം കൊട്ടാരത്തിന് നാശനഷ്ടം സംഭവിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ ; | (എ) | ഓഖി ചുഴലിക്കാറ്റിൽ പത്മനാഭപുരം കൊട്ടാരത്തിന് നാശ നഷ്ടങ്ങൾ സംഭവിച്ചിരുന്നു. ടി കൊട്ടാരത്തിന്റെ മേൽക്കൂരയുടെ പല ഭാഗങ്ങളിലേയും ഓടുകൾ ഇളകിപ്പോകുകയും ,അതുമൂലം മഴവെള്ളം ഉള്ളിൽ കടക്കുകയും ചെയ്തിരുന്നു. കൂടാതെ പ്രധാന കവാടം, ക്ഷേത്ര പരിസരം എന്നിവിടങ്ങളിലും മരങ്ങൾ ഒടിഞ്ഞുവീണ് നാശ നഷ്ടങ്ങൾ സംഭവിച്ചിരുന്നു. |
| (ബി) | പഴമ നഷ്ടപ്പെടാതെ, ഈ ചരിത്ര സ്മാരകത്തിന് സംഭവിച്ച കേടുപാടുകൾ പരിഹരിച്ച് നവീകരിക്കുവാൻ നടപടി സ്വീകരിക്കുമോ ? | (ബി) | പത്മനാഭപുരം കൊട്ടാരത്തിന് സംഭവിച്ച കേടുപാടുകളിൻമേൽ പഴമ നഷ്ടപ്പെടാതെ തന്നെ അടിയന്തിര അറ്റകുറ്റപ്പണികൾ പൂർത്തിയാക്കി സന്ദർശകർക്കായി തുറന്നു കൊടുത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ